**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3609** **05-08-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് കാലയളവിലെ വൈദ്യുതി ചാർജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ലോക്ക്ഡൗൺ മൂലം അടഞ്ഞു കിടന്നിരുന്ന ചെറുകിട വ്യാപാര-വ്യവസായങ്ങൾ, ഹോട്ടൽ, കാറ്ററിംഗ്, ഓഡിറ്റോറിയം, ഫൂട്ട് വെയർ മുതലായ സ്ഥാപനങ്ങളുടെ വൈദ്യുതി ബില്ലിലെ ഫിക്സഡ് ചാർജ്ജ് ഒഴിവാക്കണമെന്ന ആവശ്യം സർക്കാർ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരി മൂലം സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന വ്യാപാരികൾക്ക്, 01.06.2020ലെ സ.ഉ(സാധാ) നം.67/2020/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (വ്യാവസായിക/വാണിജ്യ ഉപഭോക്താക്കൾക്ക്) 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ബാധകമായ നിശ്ചിത നിരക്കിന്റെ (ഫിക്സഡ് ചാർജ്ജ്) 25% ഇളവും ബാക്കി തുക പലിശ ഈടാക്കാതെ അടയ്ക്കുന്നതിന് 15.12.2020 വരെ സാവകാശവും നൽകിയിരുന്നു. രണ്ടാം തരംഗത്തിൽ, കോവിഡ് അതിരൂക്ഷമായി പടരുന്ന സാഹചര്യത്തിൽ, 28/06/2021 ലെ സ.ഉ (സാധാ) നം.84/2021/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വ്യാവസായിക / വാണിജ്യ വൈദ്യുതി കണക്ഷനുകളുടെ 2021 മേയ് മാസത്തെ 'ഫിക്സഡ് ചാർജ്ജ്/ഡിമാന്റ് ചാർജ്ജിൽ' 25% ഇളവ് നൽകുകയും ഇളവ് കഴിച്ചുള്ള ബാക്കി തുക30.09.2021 വരെ പലിശ രഹിതമായി പരമാവധി മൂന്ന് തവണകളായി അടയ്ക്കുന്നതിന് സാവകാശം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിലെ ബിൽ തുക ഭാഗികമായോ പൂർണ്ണമായോ ഉപഭോക്താക്കൾ അടച്ചിട്ടുണ്ടെങ്കിൽ തുടർന്നുള്ള ബില്ലുകളിൽ തുക ക്രമപ്പെടുത്തി നൽകുന്നതാണ്. |
| (ബി) | കോവിഡ് സാഹചര്യത്തിൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുള്ള വ്യാപാരസ്ഥാപനങ്ങൾക്ക് തവണ വ്യവസ്ഥയിൽ വൈദ്യുതി ചാർജ്ജ് തിരിച്ചടയ്ക്കാനുള്ള സൗകര്യങ്ങൾ നൽകുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോവിഡ് മഹാമാരി മൂലം സാമ്പത്തിക പ്രതിസന്ധിയിലായിരിക്കുന്ന വ്യാപാരികൾക്ക്, 01.06.2020ലെ സ.ഉ(സാധാ) നം.67/2020/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം (വ്യാവസായിക/വാണിജ്യ ഉപഭോക്താക്കൾക്ക്) 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിൽ ബാധകമായ നിശ്ചിത നിരക്കിന്റെ (ഫിക്സഡ് ചാർജ്ജ്) 25% ഇളവും ബാക്കി തുക പലിശ ഈടാക്കാതെ അടയ്ക്കുന്നതിന് 15.12.2020 വരെ |

| | | | |
|---|---|---|---|
| | | | സാവകാശവും നൽകിയിരുന്നു. രണ്ടാം തരംഗത്തിൽ, കോവിഡ് അതിരൂക്ഷമായി പടരുന്ന സാഹചര്യത്തിൽ, 28/06/2021 ലെ സ.ഉ (സാധാ) നം.84/2021/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം വ്യാവസായിക / വാണിജ്യ വൈദ്യുതി കണക്ഷനുകളുടെ 2021 മേയ് മാസത്തെ 'ഫിക്സഡ് ചാർജ്ജ്/ഡിമാന്റ് ചാർജ്ജിൽ' 25% ഇളവ് നൽകുകയും ഇളവ് കഴിച്ചുള്ള ബാക്കി തുക30.09.2021 വരെ പലിശ രഹിതമായി പരമാവധി മൂന്ന് തവണകളായി അടയ്ക്കുന്നതിന് സാവകാശം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കാലയളവിലെ ബിൽ തുക ഭാഗികമായോ പൂർണ്ണമായോ ഉപഭോക്താക്കൾ അടച്ചിട്ടുണ്ടെങ്കിൽ തുടർന്നുള്ള ബില്ലുകളിൽ തുക ക്രമപ്പെടുത്തി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ